**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5643** **24-03-2025 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകൾക്ക് സ്റ്റാർ റേറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷണത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും നിലവാരം വിലയിരുത്തി ഹോട്ടലുകൾക്ക് സ്റ്റാർ റേറ്റിംഗ് നൽകാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശുദ്ധവും വൃത്തിയുള്ളതുമായ ഭക്ഷണ പദാർത്ഥങ്ങൾ പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനായി Food Safety and Standards Authority of India യുടെ സഹായത്തോടുകൂടി ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തി റേറ്റിംഗ് നൽകുന്ന **Hygiene Rating** എന്ന പദ്ധതി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തി വരുന്നു. ഇതിലൂടെ 2024-25 സാമ്പത്തിക വർഷത്തിൽ 1620 ഹോട്ടലുകൾ/ റെസ്റ്റാറന്റുകൾക്ക് റേറ്റിങ് നല്കാൻ സാധിച്ചിട്ടുണ്ട്. ടി റേറ്റിംഗിന്റെ വിശദാംശങ്ങൾ സ്ഥാപനത്തിൽ പ്രദർശിപ്പിക്കുന്നതിനായി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.<br><br>Food Safety and Standards Authority of India യുടെ നിർദ്ദേശ പ്രകാരം **FSSAI Empanalled Agency** കളാണ് **Hygiene Rating Audit** ചെയ്യുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ **FSSAI** സ്റ്റാർ റേറ്റിങ് ലഭ്യമാക്കുന്നതും. |
| (ബി) | എങ്കിൽ പ്രസ്തുത ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ